(4) എൽസറാ സബ്ഡാക്ട്സ്, അനമങ്ങാട്.

കൂടാതെ 2655 ചെറുകിട വ്യവസായ യൂണിറ്റുകളും ജില്ലയിൽ പൂട്ടിക്കിടക്കുന്നു.

(ബി) പുനരുദ്ധരിക്കാൻ കഴിയുന്ന ചെറുകിട വ്യവസായങ്ങളെ സിക്ക് യൂണിറ്റ് റിവൈവൽ പദ്ധതിയിൽപ്പെടുത്തി പുനരുദ്ധരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്.

മലബാർ സിമെന്റ്സിൽ കാഷ്വൽ തൊഴിലാളികളെ സ്ഥിരപ്പെടുത്താൻ നടപടി

16 [2053] ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാളയാർ മലബാർ സിമന്റ്സ് ലിമിറ്റഡ് കമ്പനിയിൽ മസ്ദൂർ തസ്തികയിലേക്ക് നിയമനം നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) പ്രസ്തുത നിയമനം നടത്തുന്നതിൽ ലേബർ ട്രിബൂണലിന്റെയോ, നിയമസഭാ സമിതിയുടെയോ എന്തെങ്കിലും ശുപാർശകൾ പാലിച്ചിട്ടുണ്ടോ ;

(സി) കാഷ്വൽ തൊഴിലാളികളെ സ്ഥിരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) ഇവരെ സ്ഥിരപ്പെടുത്തുന്നതിന് ലേബർ ട്രിബ്യൂണൽ എന്തെങ്കിലും വിധി പുറപ്പെടുവിച്ചിട്ടുണ്ടോ ;

(ഇ) എങ്കിൽ വിധി എന്തെന്ന് വ്യക്തമാക്കുമോ ;

(എഫ്) പ്രസ്തുത വിധിയുടെ അടിസ്ഥാനത്തിൽ നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) വാളയാർ മലബാർ സിമന്റ്സ് ലിമിറ്റഡ് കമ്പനിയിൽ മസ്ദൂർ തസ്തികയിലേക്ക് ഒഴിവുകൾ നികത്താൻ നടപടികൾ എടുത്തിട്ടുണ്ട്.

(ബി) കമ്പനിയിൽ കാഷ്വൽ ലേബർ പൂളിൽ ജോലി ചെയ്യുന്നവരെ പെർമനന്റ് ലേബർ പൂൾ വർക്കർ തസ്തികയിൽ നിയമിക്കണമെന്ന് ലേബർ ട്രൈബ്യൂണൽ അവാർഡ് ഉണ്ടെങ്കിലും അതിൽ മസ്ദൂർ നിയമനത്തെക്കുറിച്ച് പരാമർശമില്ല. തന്നെയുമല്ല, ഇതിനെതിരെ, കമ്പനി ഹൈക്കോടതിയിൽ അപ്പീൽ ചെയ്ത കേസ് കോടതിയുടെ പരിഗണനയിലുമാണ്. ഇതു സംബന്ധമായി നിയമസഭാ സമിതിയുടെ ശുപാർശകളിൽ സർക്കാർ തീരുമാനം ആയിട്ടില്ല. ഇവരിൽ പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ടവരിൽ നിശ്ചിത വിദ്യാഭ്യാസയോഗ്യതയുള്ളവർക്ക് മസ്ദൂർ തസ്തികകളിലേക്കുള്ള നിയമനങ്ങളിൽ വെയിറ്റേജ് നൽകണമെന്ന് സബ്ജക്റ്റ് കമ്മിറ്റി IV-ന്റെ 2005-06 ലേക്കുള്ള ബഡ്ജറ്റിന്റെ സ്ക്രൂട്ടിനി റിപ്പോർട്ടിൽ ശുപാർശ ചെയ്തിട്ടുണ്ട്. ഇക്കാര്യം സർക്കാർ പരിഗണിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly